**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3999** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷുറൻസ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആധാർ ലിങ്കുമായി ബന്ധപ്പെട്ട അപ്ഡേഷൻ നടത്താത്തുമൂലം സംസ്ഥാനത്തെ ആരോഗ്യ ഇൻഷുറൻസ് ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ക്ലെയിം പ്രോസസ്സിംഗ് ചെയ്യുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ റ്റി.എം.എസ്. പ്ലാറ്റ്ഫോമിലാണ്. പ്രസ്തുത പ്ലാറ്റ്ഫോമിൽ 23.01.2023തീയതി മുതൽ ചികിത്സാ സേവനങ്ങൾക്കായി ആധാർ നിർബന്ധമാക്കിയിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള ചില പരാതികൾ ഉണ്ടായിട്ടുണ്ട്.** |
| (ബി) | ഗുണഭോക്താക്കൾ ആശുപത്രിയിൽ എത്തുമ്പോൾ മാത്രമാണ് ആനുകൂല്യങ്ങൾ ലഭിക്കില്ലെന്ന വിവരം അറിയുന്നത് എന്ന സാഹചര്യത്തിൽ അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കുവാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത വിഷയത്തിൽമേൽ ഉചിതമായ പരിഹാരക്രമങ്ങൾ സ്വീകരിക്കുവാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നാഷണൽ ഹെൽത്ത് അതോറിറ്റിയോട് ആവശ്യപെട്ടിട്ടുണ്ട്. കൂടാതെ 03-02-2023 തീയതിൽ നടന്ന ഗവേർണിംഗ് ബോഡി മീറ്റിംഗിൽ ഇക്കാര്യം നാഷണൽ ഹെൽത്ത് അതോറിറ്റി പ്രതിനിധിയെ നേരിട്ടും അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ ഇക്കാര്യം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. |
| (സി) | ആരോഗ്യ ഇൻഷുറൻസ് കാർഡ്, കുടുംബത്തിലുള്ള എല്ലാവർക്കും പുതുക്കുന്നതിനുള്ള അവസരം നൽകുകയോ ആയതിന് അക്ഷയ സെന്ററുകൾക്ക് ലോഗിൻ നൽകുകയോ ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ (AB PMJAY/KASP) കീഴിൽ എംപാനൽ ചെയ്ത സർക്കാർ - സ്വകാര്യ ആശുപത്രികളുടെ കിയോസ്കുകളിൽ ഈ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ അക്ഷയകേന്ദ്രങ്ങളുടെ സേവനം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ